Kerala Gazette No. 38 dated 17th September 1957.
PART II

പരസ്യം.

നമ്പർ എൽ. എ. 4–1175/57.

1957 ആഗസ്റ്റ് 30.

അസംബ്ലിയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം, താഴെ പറയുന്ന ബിൽ, ഉദ്ദേശകാരണവിവരണ സഹിതം സ്പീക്കറുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

ലെജിസ്ലേച്ചർ സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

വി. ഉണ്ണിമൂർത്തി,
സെക്രട്ടറി,
ലെജിസ്ലേറ്റിവ് അസംബ്ലി.

1957-ലെ സ്ഥാനം സ്വത്തുക്കളും (താൽക്കാലിക ഭരണം ഏറ്റെടുക്കലും നിയന്ത്രിക്കലും), ഹിന്ദു പിന്തുടർച്ചാവകാശവും (ഭേദഗതി) ബിൽ.

സ്ഥാനം സ്വത്തുക്കളുടെ ഭരണവും നിയന്ത്രണവും ഹ്രസ്വകാലത്തേക്ക് ഏറ്റെടുക്കുകയും ഹിന്ദു പിന്തുടർച്ചാവകാശ ആക്റ്റ് ഭേദപ്പെടുത്തുകയും ചെയ്യുവാൻ വ്യവസ്ഥചെയ്യുന്ന ഒരു ബിൽ.

പീഠിക.—സ്ഥാനം സ്വത്തുക്കൾ സൂക്ഷിക്കുകയും, സംരക്ഷിക്കുകയും ചെയ്യേണ്ടതിന്, ആ സ്വത്തുക്കളുടെ ഭരണവും നിയന്ത്രണവും ചില പരിതഃസ്ഥിതികളിൽ താൽക്കാലികമായി ഏറ്റെടുക്കുവാൻ വ്യവസ്ഥ ചെയ്യുന്നതു യുക്തമായിരിക്കയാലും, 1956-ലെ, ഹിന്ദു പിന്തുടർച്ചാവകാശ ആക്റ്റിന്റെ പരിധികളിൽ സ്ത്രീ സ്ഥാനികളെക്കൂടി ഉൾപ്പെടുത്തുന്നതു ആവശ്യമായിരിക്കയാലും,

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ എട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും ആരംഭവും.—ഈ ആക്റ്റിനു 1957-ലെ സ്ഥാനം സ്വത്തുക്കളും (താൽക്കാലിക ഭരണം ഏറ്റെടുക്കലും നിയന്ത്രിക്കലും), ഹിന്ദു പിന്തുടർച്ചാവകാശവും (ഭേദഗതി) ആക്റ്റ് എന്നു പേർ പറയാം.

2. നിർവ്വചനം.—ഈ ആക്റ്റിൽ, സന്ദർഭത്തിനു മറ്റു വിധത്തിൽ ആവശ്യമുണ്ടാകുന്നതായാലൊഴികെ,—

(എ) "കലക്ടർ" എന്നതിനു സ്ഥാനത്തിന്റെ പ്രധാന സ്ഥാനം ഏതു ജില്ലാ കലക്ടറുടെ അധികാരാതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്നുവോ ആ ജില്ലാ കലക്ടർ എന്നർത്ഥമാകുന്നു.

(ബി) "സ്ഥാനി" എന്നും, "സ്ഥാനം സ്വത്ത്" എന്നുമുള്ള പദങ്ങൾക്ക്, 1956-ലെ ഹിന്ദു പിന്തുടർച്ചാവകാശ ആക്റ്റ് 7-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രയോജ്യമാകുന്ന "സ്ഥാനി" എന്നും, "സ്ഥാനം സ്വത്ത്" എന്നും അർത്ഥമാകുന്നതും, ആ പദങ്ങളിൽ 1939-ലെ മാപ്പിള മരുമക്കത്തായം ആക്റ്റ്, 19-ാം വകുപ്പിൽ പരാമർശിക്കപ്പെട്ട സ്ഥാനം സ്വത്തുക്കൾ ഉൾപ്പെടുന്നതുമാകുന്നു.

3. സ്ഥാനി മരിച്ചാൽ സ്വത്തിന്റെ പിന്തുടർച്ച.—1939-ലെ, മാപ്പിള മരുമക്കത്തായം ആക്റ്റിലോ, 1918-ലെ മാപ്പിള പിന്തുടർച്ചാവകാശ ആക്റ്റിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അഥവാ വിപരീതമായി വല്ല ആചാരമോ നടപ്പോ ഉണ്ടായിരുന്നാലും, മാപ്പിള മരുമക്കത്തായ കുടുംബത്തിലെ അംഗമായ ഒരു സ്ഥാനി ഈ ആക്റ്റ് നടപ്പായി വന്നതിനു ശേഷം മരിക്കുമ്പോൾ, അയാളോ, അവളോ കൈവശം വച്ചുകൊണ്ടിരുന്ന സ്ഥാനം സ്വത്ത്, സ്ഥാനി ഏതു കുടുംബത്തിൽപ്പെടുന്നുവോ ആ കുടുംബത്തിലെ അംഗങ്ങൾക്കും, സ്ഥാനിയുടെ മരണത്തിനു തൊട്ടു മുമ്പ്, അയാളുടെ അവകാശികൾക്കും, അയാളുടെയോ അവളുടെയോ കുടുംബത്തിന്റെയും അഥവാ അവരുടെയും, അയാളുടെയോ അവരുടെയോ കുടുംബത്തിന്റെയും അപ്പോൾ ജീവിച്ചിരിപ്പുള്ള എല്ലാ അംഗങ്ങളുടെയും ഇടയിൽ സ്ഥാനം സ്വത്ത്

ആളോഹരിയായി വീതിച്ചിരുന്നാലെന്നപോലെ ചെന്നുചേരുന്നതും, ആയാളുടെയോ, അവളുടെയോ കുടുംബത്തിലെ അംശങ്ങൾക്കും സ്ഥാനിയുടെ അവകാശികൾക്കും ചെന്നുചേരുന്ന ഓഹരികൾ അവർ തങ്ങളുടെ പ്രത്യേക സ്വത്തായി കൈവശം വെയ്ക്കേണ്ടതുമാകുന്നു.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, സ്ഥാനിയുടെ കുടുംബം എന്നതിൽ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നുവെങ്കിൽ, ആചാരമോ നടപ്പോമൂലം സ്ഥാനിയുടെ സ്ഥാനത്തിന് ഏതു കുടുംബത്തിലെ അംശങ്ങൾക്ക് അവകാശമുണ്ടായിരിക്കുമായിരുന്നുവോ, ആ കുടുംബത്തിലെ ഓരോ ശാഖയും, ആ കുടുംബം വിഭക്തമോ അവിഭക്തമോ ആയിരുന്നാലും ശരി, ഉൾപ്പെടുന്നതാകുന്നു.

4. ചില സംഗതികളിൽ ഭരണം ഏറ്റെടുക്കുവാൻ ഗവണ്മെന്റിനുള്ള അധികാരം.—1956 ജൂൺ 17-ാം തീയതിക്കോ അതിനു ശേഷമോ ഒരു സ്ഥാനിയുടെ മരണം ഹേതുവായി, സ്ഥാനംസ്വത്തുക്കൾ സ്ഥാനിയുടെ കുടുംബത്തിലെ അംശങ്ങൾക്കും അവകാശികൾക്കും വന്നുചേർന്നിരിക്കുകയോ, വന്നുചേരേണ്ടതായിരിക്കുകയോ ചെയ്യുന്നപക്ഷം, ഗവണ്മെന്റിന് പ്രായപൂർത്തിയായ അംശങ്ങളെയും അവകാശികളെയും മൂന്നിൽ ഒരു ഭാഗത്തിൽ കുറയാതെയുള്ള ആളുകൾ ഒരു അപേക്ഷ ബോധിപ്പിക്കുന്നതായാൽ അവരുടെ ഇടയിൽ സ്വത്തുക്കൾ ഭാഗംചെയ്യുന്ന സമയംവരെ സ്വത്തുക്കൾ സൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതിന്, 5-ാം വകുപ്പു പ്രകാരം ഒരു അന്വേഷണം നടത്തിയതിനു ശേഷം, മേൽപ്പറഞ്ഞ സ്ഥാനംസ്വത്തുക്കളുടെ ഭരണം താൽക്കാലികമായി ഏറ്റെടുക്കാവുന്നതാണ്.

5. അന്വേഷണത്തിനു ശേഷം ഭരണം ഗവണ്മെന്റ് ഏറ്റെടുക്കണമെന്ന്.—അപേക്ഷ പരിശോധിച്ചതിനു ശേഷവും, നടത്താൻ യുക്തമെന്നു തങ്ങൾക്കു തോന്നുന്ന അന്വേഷണത്തിനു ശേഷവും, ഗവണ്മെന്റിന് തങ്ങൾ പ്രവർത്തിക്കുന്നത് ആവശ്യകമോ യുക്തമോ ആണെന്ന് ബോദ്ധ്യപ്പെടുന്നതായാൽ, അവർക്ക് ഗസറ്റിൽ പരസ്യംമൂലം പത്തു കൊല്ലത്തിൽ കവിയാതെ നിർണ്ണയിക്കാവുന്ന കാലത്തേയ്ക്ക് സ്ഥാനംസ്വത്തുക്കളുടെ ഭരണം ഏറ്റെടുക്കാവുന്നതും, അങ്ങിനെ ഏറ്റെടുക്കുന്നതു സംബന്ധിച്ച് ആവശ്യകമോ യുക്തമോ എന്ന് തങ്ങൾക്കു തോന്നുന്ന കൂടുതൽ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാകുന്നു. പരസ്യത്തിൽ നിർണ്ണയിച്ച കാലം, പരിതഃസ്ഥിതികൾ നിമിത്തം ആവശ്യമാണെങ്കിൽ ഗസറ്റിൽ പരസ്യംമൂലം ഗവണ്മെന്റിന് അതതു സമയം നീട്ടുകയോ കുറയ്ക്കുകയോ ചെയ്യാവുന്നതാകുന്നു.

6. സ്വത്തുക്കൾ ഏറ്റെടുക്കുവാനും, അവയിൽ പ്രവേശിപ്പാനും കളക്ടർക്ക് അധികാരമുണ്ടെന്ന്.—5-ാം വകുപ്പു പ്രകാരം പരസ്യം പ്രസിദ്ധപ്പെടുത്തുന്ന തീയതിക്കു, തീയതിമുതൽക്കു അഥവാ പരസ്യത്തിൽ നിർണ്ണയിക്കാവുന്ന മറ്റു തീയതിമുതൽക്കു, സ്ഥാനംസ്വത്തുക്കളുടെ ഭരണം ഗവണ്മെന്റിൽ നിക്ഷിപ്തമായിരിക്കുന്നതും, അതിനു ശേഷം കളക്ടർ ഗവണ്മെന്റിനു വേണ്ടി സ്വത്തുക്കളിന്മേൽ പ്രവേശിക്കുകയും, അവ ഏറ്റെടുക്കുകയും ചെയ്യേണ്ടതുമാകുന്നു.

7. കളക്ടർ കൈവശം എടുക്കണമെന്ന്.—6-ാം വകുപ്പു പ്രകാരം വല്ല സ്ഥാനംസ്വത്തിന്റെയും ഭരണം ഏറ്റെടുത്തതിനു ശേഷം, വല്ല വ്യക്തിയും വല്ല സ്വത്തും കൈവശംവെയ്ക്കുകയും, ആ സ്വത്തിന്റെ കൈവശാവകാശത്തിന് സ്ഥാനിക്ക് അവകാശമുണ്ടായിരുന്നിരിക്കയും ചെയ്യുന്നപക്ഷം ആ വ്യക്തി അതു് കളക്ടർക്കുവേണ്ടി കൈവശം വച്ചിരിക്കുന്നതായി കരുതേണ്ടതും, ആവശ്യപ്പെടുമ്പോൾ അതിന്റെ കൈവശാവകാശം കളക്ടർക്കോ, ഈ ആവശ്യാർത്ഥം അദ്ദേഹം ക്രമപ്രകാരം അധികാരപ്പെടുത്തുന്ന മറ്റു വല്ല വ്യക്തിക്കോ വിട്ടുകൊടുക്കേണ്ടതുമാകുന്നു.

8. ആവശ്യമുള്ളപ്പോൾ കളക്ടർ ബലം പ്രയോഗിക്കണമെന്ന്.—അങ്ങിനെയുള്ള വല്ല സ്വത്തും കൈവശംവെയ്ക്കുന്ന വല്ല വ്യക്തിയും അതിന്റെ കൈവശാവകാശം ആവശ്യപ്പെടുമ്പോൾ, കളക്ടർക്കോ, അദ്ദേഹം ഈ ആവ

ശ്യാർത്ഥം ക്രമപ്രകാരം അധികാരപ്പെടുത്തുന്ന വല്ല വ്യക്തിക്കോ വിട്ടുകൊടുപ്പാൻ ഇടയാക്കാതിരിക്കുകയോ, വിഘ്നം ചെയ്യുകയോ ചെയ്യുന്നതായാൽ, കളക്ടർക്ക് ആ സ്വത്ത് കൈവശപ്പെടുത്തുവാൻ ആവശ്യമാകാവുന്ന ബലം പ്രയോഗിക്കുകയോ, പ്രയോഗിപ്പാൻ ഇടയാക്കുകയോ, അല്ലെങ്കിൽ മേൽപ്പറഞ്ഞ ഉദ്ദേശത്തിന് ആവശ്യകമായ മറ്റു വല്ല പ്രവൃത്തിയും ചെയ്യുകയോ ചെയ്യാവുന്നതും, അങ്ങിനെ ഇടയാക്കാതിരിക്കുകയോ വിഘ്നം ചെയ്യുകയോ ചെയ്യുന്ന വ്യക്തി ഇൻഡ്യൻ ശിക്ഷാനിയമം 186-ാം വകുപ്പു പ്രകാരം ഒരു കുറ്റം ചെയ്തതായി കരുതേണ്ടതും, അതിനു പ്രോസിക്യൂട്ട് ചെയ്യപ്പെടുവാൻ അയാൾ വിധേയനായിരിക്കുന്നതുമാണ്.

9. <u>ഉദ്ദേശ്യങ്ങളുടെ നടത്തിപ്പിനാവശ്യമായ എല്ലാ കാര്യങ്ങളും കളക്ടർ ചെയ്യുന്നതാണെന്ന്</u>.—(1) ഈ ആവശ്യാർത്ഥം ഉണ്ടാക്കാവുന്ന വല്ല ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കു വിധേയമായി, കളക്ടർക്ക്, വല്ല സ്ഥാനം സ്വത്തും ഏറ്റെടുക്കുകയും, നടത്തുകയും, കൈവശം വയ്ക്കുകയും ഇരിക്കുകയും ചെയ്യുന്നതിനും, ഈ ആക്ടിനാലോ ആക്ട് പ്രകാരമോ തന്റെ മേൽ ചുമത്തപ്പെട്ട ഏതെങ്കിലും കൃത്യം ഉചിതമാംവിധം നിർവ്വഹിക്കുവാൻ തനിക്ക് സാദ്ധ്യമായിത്തീരുന്നതിനു സമാന്യമായും, തനിക്ക് ആവശ്യകമോ യുക്തമോ എന്നു തോന്നുന്ന നടപടികൾ എടുക്കാവുന്നതും, അങ്ങനെയുള്ള മേൽപ്പറഞ്ഞ ഏതെങ്കിലും കാര്യങ്ങൾക്കുവേണ്ടി, ആവശ്യമുള്ള എല്ലാ പ്രവൃത്തികളും ചെയ്യാവുന്നതും, അവയ്ക്കു ആവശ്യകമോ ആനുഷംഗികമോ ആയ എല്ലാ ചെലവുകളും ചെയ്യാവുന്നതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിലടങ്ങിയ വ്യവസ്ഥകളുടെ സാമാന്യതയ്ക്കു ഭംഗം കൂടാതെ, കളക്ടർക്ക്, പ്രസ്തുത ഏതെങ്കിലും ആവശ്യത്തിനായി,—

(എ) റവന്യൂ ഡിവിഷണൽ ആഫീസറുടെ സ്ഥാനത്തിനു താഴെ അല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെയോ, ഒരു മുൻസിഫായി നിയമിക്കപ്പെടുവാൻ യോഗ്യതയുള്ള വ്യക്തിയെയോ സ്ഥാനം സ്വത്തുക്കളുടെ മാനേജരായി നിയമിച്ച് റവന്യൂ ബോർഡിന്റെ അംഗീകാരത്തിനു വിധേയമായി ഈ വകുപ്പുപ്രകാരം കളക്ടറുടെ അധികാരങ്ങൾ നടത്തുവാൻ മാനേജരെ അധികാരപ്പെടുത്തുകയും;

(ബി) വല്ല സ്ഥാനം സ്വത്തും പരിശോധിക്കുവാൻ വല്ല ഭൂമിയിലോ പുരയിടത്തിലോ പ്രവേശിക്കുകയോ, പ്രവേശിക്കുവാൻ മറ്റു വല്ല ആളെയും അധികാരപ്പെടുത്തുകയോ ചെയ്കയും;

(സി) ഏതൊരു സ്ഥാനം സ്വത്തും സുസ്ഥിതിയിൽ സൂക്ഷിക്കുവാൻ ആവശ്യമാകാവുന്ന എല്ലാ നടപടികളും എടുക്കുകയും;

(ഡി) പൂർത്തിയാക്കേണ്ടതായ വല്ല കെട്ടിടവും പൂർത്തിയാക്കുകയും;

(ഇ) ഈ ആക്ട് പ്രകാരം തന്റെ കൃത്യങ്ങൾ നിർവ്വഹിക്കുവാൻ കളക്ടർ ആവശ്യമെന്നു കരുതുന്ന തവണക്കണക്കുകളോ, കണക്കുകളോ, മറ്റു വിവരമോ ഏതെങ്കിലും സ്വത്തുസംബന്ധിച്ച് സമർപ്പിക്കുന്നതിനും, കൈവശമുള്ള അത്തരം രേഖകൾ ഹാജരാക്കുന്നതിനും ഏതൊരു വ്യക്തിയോടും ആവശ്യപ്പെടുകയും;

(എഫ്) വല്ല സ്ഥാനം സ്വത്തും സൂക്ഷിച്ചിരിക്കുകയോ മറച്ചുവച്ചിരിക്കുകയോ ചെയ്യുന്നതായി വിശ്വസിക്കുവാൻ കളക്ടർക്ക് കാരണമുള്ള വല്ല കെട്ടിടമോ സ്ഥലമോ പരിശോധിക്കുകയും, അതു കൈവശപ്പെടുത്തുകയും;

(ജി) സ്ഥാനത്തിനു കിട്ടേണ്ടതായ വല്ല കടവും വസൂലാക്കുവാൻ ആവശ്യകമാകാവുന്ന നടപടി എടുക്കുകയും;

(എച്ച്) സ്ഥാനത്തിന്റെ ആവശ്യാർത്ഥം ഏതെങ്കിലും സിവിൽ കോടതിയിലോ റവന്യൂ കോടതിയിലോ വല്ല നിയമാനുസൃത നടപടിയും ബോധിപ്പിക്കുകയോ, പ്രതിവാദിക്കുകയോ, തുടരുകയോ, അല്ലെങ്കിൽ സ്ഥാനത്തിന്റെ ആവശ്യാർത്ഥം വല്ല തർക്കവും മദ്ധ്യസ്ഥതീർപ്പിനായി അയയ്ക്കുകയോ, അല്ലെങ്കിൽ വല്ല തീർപ്പുകളോ, കടങ്ങളോ, ബാദ്ധ്യതകളോ, രാജിയാക്കുകയോ ചെയ്കയും;

(ഐ) സ്ഥാനംസ്വത്തിന്റെ മൂല്യത്തിന്മേൽ ആവശ്യകമായ കടങ്ങൾ എടുക്കുകയും;

(ജെ) ഗവണ്മെന്റിനോ വല്ല തദ്ദേശാധികൃത സ്ഥാപനത്തിനോ കൊടുക്കേണ്ട നികുതികളും, ചുങ്കങ്ങളും, വരികളും, നിരക്കുകളും എന്നിവ അടയ്ക്കുന്നതിന്നു് ഉൾപ്പെടെയോ കൊടുക്കേണ്ട വല്ല കടങ്ങളും തിരിച്ചു കൊടുക്കുന്നതിന്നോ വല്ല ചെലവും ചെയ്യുകയും;

(കെ) കുടുംബത്തിലെ ഏതെങ്കിലും അംഗത്തിനോ, മററതെങ്കിലും വ്യക്തിക്കോ, അവകാശപ്പെട്ടതെന്നു് കളക്ടർക്കു് തോന്നുന്ന വല്ല സംഖ്യയും ആ അംഗത്തിനോ വ്യക്തിക്കോ കൊടുക്കുകയും;

(എൽ) കളക്ടർ കൈവശം വച്ചിരിക്കുന്ന പണം നിർണ്ണയിക്കാവുന്ന വിധത്തിൽ നിക്ഷേപിക്കുകയും ചെയ്യാവുന്നതാണു്.

10. കളക്ടർ പണം സ്വീകരിക്കണമെന്നു്.—(1) സ്ഥാനത്തിനു കിട്ടേണ്ടതായ വല്ല സംഖ്യയോ, പാരമ്പര്യ സ്ഥാനി നടത്തിയ വല്ല ഇടപാടു സംബന്ധിച്ചുള്ള വല്ല സംഖ്യയോ, കൊടുക്കുവാൻ ബാദ്ധ്യസ്ഥനായ വ്യക്തി അതു് കളക്ടർക്കു് കൊടുക്കേണ്ടതാണു്.

(2) (1)-ാം ഉപവകുപ്പനുസരിച്ചല്ലാതെ മററു വിധത്തിൽ കൊടുക്കുന്ന ഏതൊരു സംഖ്യയും, അതു കൊടുക്കുന്ന ആളെ, കൊടുപ്പാനുള്ള സംഖ്യ കൊടുക്കുവാനുള്ള അയാളുടെ ബാദ്ധ്യതയിൽനിന്നു് വിമുക്തനാക്കുന്നതല്ലാത്തതും, അങ്ങിനെയുള്ള ഏതെങ്കിലും ആളുടെ നേരെ അങ്ങിനെയുള്ള ബാദ്ധ്യത നടപ്പാക്കുവാൻ കളക്ടർക്കുള്ള അധികാരത്തെ ബാധിക്കാത്തതുമാകുന്നു.

11. കണക്കുകളും രജിസ്റ്ററുകളും.—(1) കളക്ടർ, ഭരണം ഏറെറടുക്കപ്പെട്ടിട്ടുള്ള ഓരോ സ്ഥാനം സ്വത്തിന്റെയും ഒരു പ്രത്യേക കണക്കു് വച്ചുപോരേണ്ടതും, അതു സംബന്ധിച്ചുള്ള എല്ലാ വരവു ചെലവുകളുടേയും കുറിപ്പുകൾ അതിൽ ചേർപ്പിക്കേണ്ടതുമാകുന്നു.

(2) നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും വിധത്തിലും കണക്കുകൾ വച്ചുപോരേണ്ടതാണു്.

(3) ഈ വകുപ്പുപ്രകാരം സൂക്ഷിക്കപ്പെടുന്ന കണക്കുകൾ, നിർണ്ണയിക്കപ്പെടാവുന്ന കാലങ്ങളിലും, വ്യക്തികളാലും, പരിശോധിക്കപ്പെടുന്നതിനും, ആഡിററു ചെയ്യപ്പെടുന്നതിനും ഗവണ്മെന്റു് ഇടയാക്കേണ്ടതാണു്.

12. കളക്ടറെ കക്ഷി ചേർക്കണമെന്നു്.—(1) ഈ ആക്ററു പ്രകാരം ഗവണ്മെന്റു് ഭരണം ഏറെറടുത്ത സ്ഥാനം സ്വത്തുക്കളെ സംബന്ധിച്ചുള്ള ഏതൊരു വ്യവഹാരത്തിലും അപ്പീലിലും അല്ലെങ്കിൽ അപേക്ഷയിലും ആ വ്യവഹാരത്തിന്റെയോ, അപ്പീലിന്റെയോ, അപേക്ഷയുടെയോ ആവശ്യത്തിനായി കളക്ടറെ ഗവണ്മെന്റു് പ്രതിനിധിയായി നിർദ്ദേശിക്കേണ്ടതും മേൽപ്പറഞ്ഞ സ്ഥാനം സ്വത്തുക്കളെ സംബന്ധിച്ചു് തീർപ്പാകാതെ നിലവിലിരിക്കുന്ന ഏതൊരു വ്യവഹാരത്തിലും, അപ്പീലിലും അല്ലെങ്കിൽ അപേക്ഷയിലും കോടതിക്കു് കളക്ടർ ബോധിപ്പിക്കുന്ന അപേക്ഷയിന്മേൽ കളക്ടറെ ഗവണ്മെന്റു പ്രതിനിധിയായി കക്ഷിചേർത്തുകൊണ്ടു് അന്യായമോ, അപ്പീൽ മെമ്മോറാണ്ടമോ, അപേക്ഷയോ ഭേദഗതി ചെയ്യണമെന്നു് ഉത്തരവിടാവുന്നതുമാകുന്നു.

(2) ഈ ആക്ററു പ്രകാരം സ്ഥാനം സ്വത്തുക്കളുടെ ഭരണം ഗവണ്മെന്റു് ഏറെറടുക്കുന്നതിനുമുമ്പു് സ്ഥാനത്തിനു വേണ്ടിയോ, സ്ഥാനത്തിനു് എതിരായോ എടുത്തിട്ടുള്ള ഏതൊരു നിയമനടപടിയും, അപ്രകാരം ഭരണം ഏറെറടുത്തതിനുശേഷം ഗവണ്മെന്റോ, ഗവണ്മെന്റിനെതിരായോ തുടരാവുന്നതാണു്.

(3) വ്യവഹാരകാരണവും, ആവശ്യപ്പെടുന്ന നിവൃത്തിയും അന്യായം ബോധിപ്പിക്കുവാനുദ്ദേശിക്കുന്ന ആളിന്റെ പേരും, വാസസ്ഥലവും വിവരിച്ചുകൊണ്ടു് രേഖാമൂലം ഒരു നോട്ടീസ് കളക്ടറുടെ ആഫീസിൽ ഏല്പിച്ചു കൊടുക്കുകയോ, എത്തിക്കുകയോ ചെയ്തതിനുശേഷം രണ്ടുമാസം കഴിയുന്നതുവരെ ഈ ആക്ററു പ്രകാരം ഗവണ്മെന്റു് ഭരണം ഏറെറടുത്തിട്ടുള്ള ഒരു സ്ഥാനത്തിനെതിരായി യാതൊരു വ്യവഹാരവും ബോധിപ്പിക്കുവാൻ പാടില്ലാ

ന്നതും, അങ്ങനെയുള്ള നോട്ടീസ് അങ്ങനെ ഏല്പിച്ചുകൊടുക്കുകയോ, പതിക്കുകയോ ചെയ്തിട്ടുണ്ടെന്നുള്ളതിന് ഒരു [illegible] അന്യായത്തിൽ തെളിവായിരിക്കുന്നതാകുന്നു.

13. കരംപിരിവ് ആക്റ്റ് ബാധകമായിരിക്കുന്നതാണെന്ന്.— കളക്ടർക്ക്, ഒരു സ്ഥാനത്തെ പറ്റിയ ഭരണം ഏറ്റെടുക്കുന്ന കാലത്ത് എല്ലാ പാട്ടക്കുടിശ്ശികകളും, അങ്ങനെയുള്ള സ്ഥാനത്തിന്റെ കാര്യത്തിൽ പാട്ടമായി വസൂലാക്കാവുന്ന എല്ലാ അവകാശങ്ങളും, അതിനെയുള്ള കുടിശ്ശികകളിന്മേലോ അവകാശങ്ങളിന്മേലോ കൊടുക്കേണ്ട എല്ലാ പലിശയും, കൂടാതെ അവ വസൂലാക്കുന്നതിന് നേരിടുന്ന എല്ലാ ചെലവുകളും തൽക്കാലം പ്രാബല്യത്തിലുള്ള കരംപിരിവ് ആക്റ്റിലെ നിബന്ധനകൾപ്രകാരം ഭൂനികുതി കുടിശ്ശികയെന്നപോലെ വസൂലാക്കാവുന്നതാണ്.

14. ഭരണത്തിൽനിന്ന് പിന്മാറൽ.— ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഗവണ്മെന്റ് ഭരണം ഏറ്റെടുത്ത വല്ല സ്ഥാനം സ്വത്തിന്റെയും ഭരണത്തിൽനിന്ന് ഗവണ്മെന്റിന് ഗസറ്റിൽ പരസ്യംമൂലം ഏതൊരു സമയത്തും പിന്മാറാവുന്നതും, സ്വത്തുക്കൾ അവകാശമുള്ള ഏതെങ്കിലും ആളുകൾക്ക് തിരിച്ചേല്പിക്കുന്നതു സംബന്ധിച്ച് വല്ല വൈഷമ്യവും ഉണ്ടാകുന്നതായാൽ, അങ്ങിനെ തിരിച്ചേല്പിക്കുന്നതിന് സൗകര്യമാക്കുവാൻ ആവശ്യമാണെന്ന് തങ്ങൾക്ക് തോന്നുന്ന ഏതെങ്കിലും പ്രവൃത്തിയോ, കാര്യമോ ചെയ്യുവാൻ ഉത്തരവുമൂലം ഗവണ്മെന്റിന് അധികാരപ്പെട്ടതാവുന്നതുമാണ്.

15. ചില സ്ഥാനങ്ങളുടെ ഭരണം നിയന്ത്രിക്കുകയും, മേലന്വേഷണം നടത്തുകയും ചെയ്യൽ.— ഒരു സ്ഥാനി, സ്ഥാനം സ്വത്തുക്കളെ ഗൗരവാവഹമായ ഉപേക്ഷയോ, മനഃപൂർവ്വമായ ദുർഭരണമോ നാശമോ കാരണം കടക്കാരനാക്കിയെന്നോ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രവൃത്തികൾ സ്ഥാനത്തിന് ഹാനികരമാണെന്നോ ഉള്ള പരാതി ആ സ്ഥാനിയുടെ ജീവിതകാലത്ത് സ്ഥാനിയുടെ കുടുംബത്തിലെ ഏതെങ്കിലും അംഗത്തിന്റെയോ, അല്ലെങ്കിൽ സ്ഥാനം സ്വത്തുക്കളിൽ ഭോഗാഹരിക്ക് അവകാശമുള്ള ഒരു സ്ഥാനിയുടെ ഏതെങ്കിലും അവകാശിയുടെയോ പക്കൽനിന്ന് കിട്ടുന്നതായാൽ ഗവണ്മെന്റിന്, തങ്ങൾക്ക് യുക്തമെന്ന് തോന്നുന്ന പ്രാഥമികാന്വേഷണത്തിനുശേഷം, ആ സ്ഥാനത്തിന്റെ ഭരണകാര്യങ്ങളെ സംബന്ധിച്ച് ഒരു സവിസ്തരാന്വേഷണം നടത്താവുന്നതാകുന്നു.

16. സവിസ്തരാന്വേഷണം.—(1) ഗവണ്മെന്റിന്, സ്ഥാനത്തിന്റെ കാര്യങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തുവാനായി, ഒരു റവന്യൂ ഡിവിഷനൽ ആഫീസറുടെ പദവിക്ക് താഴെയല്ലാത്ത ഏതൊരുദ്യോഗസ്ഥനെയും നിയോഗിക്കാവുന്നതാണ്. അങ്ങനെ നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥന് സ്ഥാനത്തിന്റെ സ്ഥാവരജംഗമസ്വത്തുക്കൾ, കണക്കുകൾ, രജിസ്റ്ററുകൾ, മറ്റു രേഖകൾ എന്നിവ പരിശോധിക്കുകയും, അങ്ങനെയുള്ള അന്വേഷണത്തിന്റെയും പരിശോധനയുടെയും ഫലത്തെ സംബന്ധിച്ച് പൂർണ്ണമായ ഒരു റിപ്പോർട്ട് കളക്ടർക്ക് സമർപ്പിക്കുകയും ചെയ്യാവുന്നതാകുന്നു. സ്ഥാനിയും, സ്ഥാനത്തിലെ മറ്റെല്ലാ ജീവനക്കാരും സേവകന്മാരും, അങ്ങനെ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്, അദ്ദേഹം ആവശ്യപ്പെടാവുന്ന എല്ലാ വിവരവും നൽകുകയും, സ്വത്തുക്കളുടെ പട്ടിക, കണക്കുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിക്കുന്നതിൽ അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ്. റിപ്പോർട്ട് കിട്ടിയാൽ കളക്ടർ അതു ഗവണ്മെന്റിനു സമർപ്പിക്കേണ്ടതാകുന്നു.

(2) റിപ്പോർട്ട് പര്യാലോചിച്ചതിൽപ്പിന്നെ, സ്ഥാനി സ്ഥാനം സ്വത്തുക്കൾ ഭരിക്കുന്നതിന്റെ കാര്യത്തിൽ മേലന്വേഷണവും നിയന്ത്രണവും നടത്തുവാൻ കളക്ടറോട് എന്തുകൊണ്ട് കല്പിച്ചുകൂടാ എന്നുള്ളതിലേയ്ക്ക് കാരണം കാണിപ്പാനായി സ്ഥാനിക്ക് നോട്ടീസ് നൽകിയതിനുശേഷവും, സ്ഥാനിയുടെ മൊഴി കേൾക്കുവാൻ ന്യായമായ അവസരം നൽകിയതിനുശേഷവും, സ്ഥാനി സ്ഥാനം സ്വത്തിന്റെ ഉപേക്ഷയോ, ദുർഭരണമോ, നാശമോ കാരണം കടക്കാരനായിത്തീരുമെന്ന് ഗവണ്മെന്റിന് ബോദ്ധ്യമാകുന്നതായാലും, സ്ഥാനത്തിന്റെ ഹിതാർത്ഥം അനുപേക്ഷ്യമാണെന്ന് ഗവണ്മെന്റ്

കയുന്നതായാലും, അവക്ക് പരസ്യപ്പെടുത്തിയ ഉത്തരവുമൂലം, സ്ഥാനി സ്ഥാനം സ്വത്തുക്കൾ ഭരിക്കുന്നത് കളക്ടറുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും വേണ്ടതാണെന്നും, മുതലുകളോ നൽകുകയോ ചെയ്യേണ്ടത് യുക്തമാണെന്നു അത്യാവശ്യമെന്ന് കളക്ടർക്ക് തോന്നുന്ന നിബന്ധനകൾക്കും നിശ്ചയങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായിരിക്കേണ്ടതാണെന്നും നിർദ്ദേശിക്കാവുന്നതാകുന്നു.

17. കോടതികൾ നിരോധകല്പനകൾ നൽകുവാൻ പാടില്ലെന്ന്.— തൽക്കാലം പ്രാബല്യത്തിലുള്ള 1908-ലെ സിവിൽ നടപടിക്രമനിയമത്തിലോ, മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ ഉണ്ടായിരുന്നാലും യാതൊരു കോടതിയും, സ്ഥാനംസ്വത്തുക്കളുടെ നടത്തിപ്പിൽ മേൽനോട്ടവും നിയന്ത്രണവും പ്രയോഗിക്കുന്നതിൽനിന്ന് കളക്ടറെ നിരോധിച്ചുകൊണ്ട് സ്ഥിരമോ താൽക്കാലികമോ ആയ യാതൊരു നിരോധകല്പനയും നൽകുകയോ, യാതൊരു ഇടക്കാല ഉത്തരവും പുറപ്പെടുവിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

18. ഹൈക്കോടതിയിലേക്ക് അപ്പീൽ.—16-ാം വകുപ്പുപ്രകാരം ഗവൺമെന്റ് പാസ്സാക്കിയ ഒരു ഉത്തരവുമൂലം സങ്കടമുള്ള ഏതൊരാൾക്കും, ആ ഉത്തരവിന്റെ തീയതി മുതൽക്ക് രണ്ടു മാസത്തിനുള്ളിൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതും, ഹൈക്കോടതിക്ക് ന്യായവും യുക്തവും എന്നു തോന്നുന്ന ഉത്തരവുകൾ അപ്പീലിന്മേൽ പാസ്സാക്കാവുന്നതുമാകുന്നു.

19. കണക്കുകളും മറ്റും ആവശ്യപ്പെടുവാൻ കളക്ടർക്ക് അവകാശമുണ്ടെന്ന്.—16-ാം വകുപ്പുപ്രകാരം മേൽനോട്ടവും നിയന്ത്രണവും സംബന്ധിച്ച അധികാരങ്ങൾ നടത്തുമ്പോൾ, കളക്ടർക്ക് സ്ഥാനത്തിന്റെ നടത്തിപ്പിനെയോ ഭരണത്തെയോ സംബന്ധിച്ച കണക്കുകളോ, റിപ്പോർട്ടുകളോ, മറ്റു വിവരങ്ങളോ ആവശ്യപ്പെടാവുന്നതും, കളക്ടർ പ്രത്യേകം പറയാവുന്ന സമയത്തിനുള്ളിൽ അങ്ങനെയുള്ള കണക്കുകളോ, റിപ്പോർട്ടുകളോ മറ്റു വിവരമോ നൽകുവാൻ സ്ഥാനി ബാദ്ധ്യസ്ഥനായിരിക്കുന്നതുമാകുന്നു.

20. രജിസ്റ്ററുകളും മറ്റും നിർണ്ണയിക്കപ്പെട്ട വിധത്തിൽ സൂക്ഷിക്കണമെന്ന്.—(1) ഏതു സ്ഥാനത്തിന്റെ ഭരണം കളക്ടറുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ആണോ ആ സ്ഥാനത്തിന്റെ കാര്യത്തിൽ ഏതൊരു സ്ഥാനിയും, താഴെപ്പറയുന്ന വിവരങ്ങളടങ്ങിയ രജിസ്റ്ററുകൾ, നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ വെച്ചുപോരേണ്ടതാണ്, അതായത്:—

(എ) സ്ഥാനത്തിന്റെ വകയായുള്ള എല്ലാ സ്ഥാവരസ്വത്തുക്കളേയും സംബന്ധിച്ച വിവരങ്ങൾ;

(ബി) സ്ഥാനത്തിന്റെ വകയായുള്ള എല്ലാ ജംഗമസ്വത്തുക്കളേയും മതിപ്പുവിലയോടുകൂടി അവയുടേയും, സ്ഥാനത്തിന്റെ വക എല്ലാ നിക്ഷേപങ്ങളുടേയും വിവരങ്ങൾ;

(സി) എല്ലാ ബാദ്ധ്യതകളേയും സംബന്ധിച്ച വിവരങ്ങൾ;

(ഡി) കളക്ടർ അതതു സമയം നിർണ്ണയിക്കാവുന്ന മറ്റു വിവരങ്ങൾ.

(2) 16-ാം വകുപ്പുപ്രകാരം ഒരു ഉത്തരവു പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നത്ര വേഗത്തിലും, കളക്ടർ പ്രത്യേകം പറയാവുന്ന കാലത്തിനുള്ളിലും, സ്ഥാനി ക്രമപ്രകാരം ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയതും, (1)-ാം ഉപവകുപ്പിൽ പറഞ്ഞ വിവരങ്ങളടങ്ങിയതുമായ ഒരു സ്റ്റേറ്റുമെന്റ് സ്ഥാനി കളക്ടർക്ക് സമർപ്പിക്കേണ്ടതാകുന്നു.

(3) വല്ല സ്ഥാനിയും (2)-ാം ഉപവകുപ്പുപ്രകാരം സ്റ്റേറ്റുമെന്റ് സമർപ്പിക്കുവാൻ വീഴ്ച ചെയ്യുകയോ, അല്ലെങ്കിൽ ഗണ്യമായ വല്ല വിവരവും സംബന്ധിച്ചിടത്തോളം വ്യാജമോ ശരിയല്ലാത്തതോ ആയ ഒരു സ്റ്റേറ്റുമെന്റ് അറിഞ്ഞുംകൊണ്ട് സമർപ്പിക്കുകയോ ചെയ്യുന്നതായാൽ, അദ്ദേഹത്തിന് ആയിരം രൂപയോളം വരാവുന്ന പിഴശിക്ഷ നൽകേണ്ടതാണ്.

21. കളക്ടറുടെ അനുവാദംകൂടാതെയുള്ള ഇടപാടുകൾ അസാധുവാണെന്ന്.—16-ാം വകുപ്പുപ്രകാരം ഗവൺമെന്റ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ തീയതിക്കും തീയതിക്കുശേഷവും, ഒരു സ്ഥാനസ്വത്തിന്റെ വല്ല വിക്ര

യമോ, ഒററിയോ, കൈമാററമോ, പണയമോ, പാട്ടമോ ആയി ഏൽപ്പിക്കപ്പെടുകയോ, ആ സ്വത്ത് ഒററവ്യക്തിക്ക് അന്യാധീനപ്പെടുത്തുകയോ, അല്ലെങ്കിൽ സ്ഥാനത്തിനുവേണ്ടി വല്ല കടവും വാങ്ങുകയോ ചെയ്യുന്നതായാൽ, അതു കളക്റ്ററുടെ മുന്നനുവാദത്തോടുകൂടി നടത്തുകയോ, ഏർപ്പെടുത്തുകയോ, അന്യാധീനപ്പെടുത്തുകയോ, വാങ്ങുകയോ ചെയ്തിട്ടില്ലാത്ത പക്ഷം അസാധുവായിത്തീരുന്നതാണ്; എന്നാൽ ഈ അധികാരമുള്ള ഒരു സിവിൽകോടതിയുടെയോ റവന്യൂബോർഡിന്റെയോ ഉത്തരവുപ്രകാരം അന്യാധീനപ്പെടുത്തുകയോ, കടം വാങ്ങുകയോ ചെയ്യുവാൻ അങ്ങനെയുള്ള യാതൊരു അനുവാദവും ആവശ്യമുണ്ടായിരിക്കുന്നതല്ല.

22. സ്ഥാനത്തിന്റെ മേൽ ചെലവു മുതലായവ.—ഈ ആക്റ്റിനാലോ ആക്റ്റുപ്രകാരമോ നൽകപ്പെട്ട വല്ല അധികാരവും നടത്തുമ്പോൾ കളക്റ്റർക്ക് നേരിടുന്ന ഏതൊരു ചെലവും വല്ല സ്ഥാനത്തിന്റെയും ഭരണം, നിയന്ത്രണം, മേലന്വേഷണം എന്നിവ സംബന്ധിച്ച് നേരിടുന്ന എല്ലാ ചെലവും ആ സ്ഥാനത്തിന്റെ കാര്യത്തിൽ അതു നേരിടുന്നതാണോ ആ സ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ആ സ്ഥാനം സ്വത്തിന്മേലുള്ള ഒരു ബാദ്ധ്യത ആയിരിക്കുന്നതും, ആ സ്വത്തിന്മേലുള്ള മറെറല്ലാ ബാദ്ധ്യതകളെക്കാളും അതിനു മുൻഗണന ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ചെലവ് ആ സ്വത്തിൽനിന്ന് ലഭിക്കുന്ന വരവിൽ നിന്നോ അല്ലെങ്കിൽ അതതു സമയം നിർണ്ണയിക്കപ്പെടാവുന്ന നിരക്കുകളിൽ മററു വിധത്തിലോ കളക്റ്റർക്ക് നേരിട്ടോ ഈടാക്കുകയോ ചെയ്യാവുന്നതും ആകുന്നു.

23. ഉദ്യോഗസ്ഥന്മാർക്ക് രക്ഷ.—ഈ ആക്റ്റുപ്രകാരം ഉത്തമവിശ്വാസമായി ചെയ്തതോ, ചെയ്യാനായി ഉദ്ദേശിച്ചതോ ആയ യാതൊരു കാര്യത്തിനും യാതൊരു ഉദ്യോഗസ്ഥന്റെയും അഥവാ വ്യക്തിയുടെയും പേരിൽ യാതൊരു വ്യവഹാരമോ, മററു നിയമാനുസൃത നടപടിയോ ബോധിപ്പിക്കുവാൻ പാടുള്ളതല്ല.

24. മേലന്വേഷണവും നിയന്ത്രണവും പരിശോധനയും.—(1) ഈ ആക്റ്റുപ്രകാരം തന്റെ കൃത്യങ്ങൾ നടത്തുമ്പോൾ കളക്റ്റർ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും, നടപടികളും റവന്യൂബോർഡിന്റെ മേലന്വേഷണത്തിനും നിയന്ത്രണത്തിനും വിധേയമായിരിക്കേണ്ടതാകുന്നു.

(2) ഈ ആക്റ്റുപ്രകാരം റവന്യൂബോർഡ് പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും നടപടികളും ഗവണ്മെന്റിന്റെ മേലന്വേഷണത്തിനും നിയന്ത്രണത്തിനും വിധേയമായിരിക്കേണ്ടതാകുന്നു.

(3) മേലന്വേഷണം നടത്തുന്ന അധികാരസ്ഥാനത്തിന് ഏതൊരു സംഗതിയിലും ഏതെങ്കിലും ഉത്തരവോ നടപടിയോ സ്വമേധയായി പരിശോധന ചെയ്യാവുന്നതും, യുക്തമെന്ന് അതിനു തോന്നുന്നതായാൽ പുതുക്കുകയോ ഭേദഗതി ചെയ്യുകയോ അന്യഥാകരിക്കുകയോ ചെയ്യാവുന്നതും ആകുന്നു.

25. ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം.—(1) ഗവണ്മെന്റിന് ആക്റ്റിലെ വ്യവസ്ഥകൾ ഫലത്തിൽ വരുത്തുവാൻ ചട്ടങ്ങളുണ്ടാക്കാവുന്നതാകുന്നു.

(2) പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കു ഭംഗം കൂടാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാകുന്നു:—

(എ) സൂക്ഷിച്ചുപോരേണ്ട രജിസ്റ്റർ;

(ബി) വെച്ചുപോരേണ്ട പല വിധ കണക്കുകൾ;

(സി) നേരിടാവുന്ന ചെലവ്;

(ഡി) നോട്ടീസുകൾ അയയ്ക്കേണ്ട ഫാറവും, വിധവും;

(ഇ) നിർണ്ണയിക്കേണ്ടതോ, നിർണ്ണയിക്കാവുന്നതോ ആയ മറേറതെങ്കിലും കാര്യം;

(എഫ്) ഗസററിൽ പരസ്യംചെയ്തു ഗവണ്മെന്റിന് 3-ം, 4-ം വകുപ്പുകൾ പ്രകാരമുള്ള അധികാരങ്ങളൊഴികെ ഈ ആക്റ്റുപ്രകാരം തങ്ങൾക്ക് നൽകപ്പെട്ട ഏതൊരു അധികാരവും, പരസ്യത്തിൽ പ്രത്യേകം പറയാവുന്ന പരിതഃസ്ഥിതി പരിതഃസ്ഥിതികളും നിബന്ധനകളും വല്ലതുമുണ്ടെങ്കിൽ ആ പരിതഃസ്ഥിതികളിലും ആ നിബന്ധനകൾ പ്രകാരവും, ഒരു കളക്റ്ററെ ഏല്പിക്കൽ

താതെയുള്ളതോ ആയ ഉദ്യോഗസ്ഥനാൽ നടത്തപ്പെടുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാകുന്നു.

(3) ഈ വകുപ്പുപ്രകാരം ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അങ്ങനെ പ്രസിദ്ധപ്പെടുത്തിയാൽ അവയ്ക്ക് ഈ ആക്റ്റിൽ അധിനിയമം ചെയ്തിരുന്നാലെന്നപോലെ പ്രാബല്യമുണ്ടായിരിക്കേണ്ടതും ആകുന്നു.

26. കാലഹരണതടസ്സം.—ഈ ആക്റ്റപ്രകാരം ഏതുസ്ഥാനത്തിന്റെ ഭരണം ഏറ്റെടുത്തിരിക്കുന്നുവോ അങ്ങനെയുള്ള ഒരു സ്ഥാനമോ, സ്ഥാനത്തിനു വേണ്ടിയോ ബോധിപ്പിക്കുന്ന ഏതെങ്കിലും വ്യവഹാരത്തിന്റെയോ, അപ്പീലിന്റെയോ അപേക്ഷയുടെയോ ആവശ്യത്തിനായി മേൽപ്പറഞ്ഞ ഏതെങ്കിലും കാര്യങ്ങൾക്ക് കാലഹരണാവധി കണക്കാക്കുമ്പോൾ സ്ഥാനിയുടെ മരണതീയതി മുതല്ക്ക് സ്ഥാനത്തിന്റെ ഭരണം കളക്റ്റർ ഏറ്റെടുത്ത തീയതിക്കു ശേഷമുള്ള രണ്ടുമാസകാലംവരെയും ആ രണ്ടുമാസകാലം ഉൾപ്പെടെയുമുള്ള കാലം ഒഴിവാക്കേണ്ടതാകുന്നു.

27. 1956-ലെ, ഹിന്ദു പിന്തുടർച്ചാവകാശ ആക്റ്റിന്റെ ഭേദഗതി.—കേരള സംസ്ഥാനത്തിന് പ്രയോജ്യമാകുന്നിടത്തോളം 1956-ലെ, ഹിന്ദുപിന്തുടർച്ചാവകാശ ആക്റ്റ് 7-ാം വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിൽ, "അവനെ" എന്ന വാക്കിനു പകരം "അവനെയോ അവളെയോ" എന്ന വാക്കുകളും, "അവനെത്തന്നെ" എന്ന വാക്കിനു പകരം "അവനെത്തന്നെയോ അവളെത്തന്നെയോ" എന്ന വാക്കുകളും, "അവന്റെ കുടുംബം" എന്നു കാണുന്ന രണ്ടു സ്ഥലങ്ങളിലും ആ വാക്കുകൾക്കു പകരം "അവന്റെയോ അവളുടെയോ കുടുംബം" എന്ന വാക്കുകളും ചേർക്കണം.

(ബി) (3)-ാം ഉപവകുപ്പോടു ചേർന്ന വിശദീകരണത്തിൽ "പുരുഷ" എന്ന വാക്ക് വിട്ടുകളയണം.

ഉദ്ദേശകാരണവിവരണം.

ഒരു സ്ഥാനി മരിക്കുമ്പോൾ അദ്ദേഹം കൈവശം വച്ചിട്ടുള്ള സ്ഥാനം-സ്വത്ത് അദ്ദേഹം ഉൾപ്പെട്ടിരുന്ന കുടുംബത്തിലെ അംഗങ്ങൾക്കും, സ്ഥാനിയുടെ അവകാശികൾക്കും, സ്ഥാനിയുടെ മരണത്തിന് തൊട്ടു മുമ്പ് ആ സ്ഥാനംസ്വത്ത് ഓഹരിയായി ഭാഗിച്ചിരുന്നാലെന്നപോലെ ചെന്നുചേരേണ്ടതാണെന്ന്, 1956-ലെ, ഹിന്ദു പിന്തുടർച്ചാവകാശ ആക്റ്റ് 7-ാം വകുപ്പ് (3)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

സ്ഥാനം സ്വത്തുക്കളിലെ ഓഹരിക്കവകാശമുള്ള ആളുകളുടെ എണ്ണം സാധാരണമായി അധികമായിരിക്കും. സ്വത്തുക്കൾ ഭാഗിച്ച് ഖണ്ഡിതമായ ഓഹരികൾ ഓരോരുത്തർക്കും പകുക്കുന്ന കാലംവരെ സ്വത്തുക്കളുടെ ഭരണം സംബന്ധിച്ച് ഓഹരിക്കാർ സൗഹാർദ്ദപരമായ ഒരു തീർപ്പിൽ എത്തിച്ചേരാതിരിക്കുന്ന സന്ദർഭങ്ങൾ ഉണ്ടാവാൻ എളുപ്പം ഇടയുണ്ട്. ഈ ഇടക്കാലത്ത് ശരിയായ ഭരണവും നിയന്ത്രണവും ഇല്ലാത്തതുകൊണ്ട് സ്വത്തുക്കൾ നശിച്ചുപോകാനിടയുണ്ടെന്ന് ശങ്കിക്കുന്നു. സ്വത്തുക്കളിൽ ഓഹരി അവകാശപ്പെടുന്ന പ്രായപൂർത്തിയായ അംഗങ്ങളിൽ മൂന്നിലൊരുഭാഗം ആളുകൾ ശരിയായ ഒരു ഭാഗം നടക്കുന്നതുവരെ എസ്റ്റേറ്റ് സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടി താല്ക്കാലിക ഭരണം ഏറ്റെടുപ്പാൻ ഗവൺമെന്റിനോട് അപേക്ഷിച്ചാൽ, ഭരണം ഗവൺമെന്റ് ഏറ്റെടുക്കുവാൻ ബിൽ വ്യവസ്ഥ ചെയ്യുന്നു.

ഒരു പ്രത്യേക സ്ഥാനി, സ്ഥാനംസ്വത്തുക്കൾ അന്യാധീനപ്പെടുത്തുകയോ അല്ലെങ്കിൽ സ്വത്തുക്കൾ നശിപ്പാനായി അനുവദിക്കുകയോ ചെയ്തുകൊണ്ട് എസ്റ്റേറ്റിന്റെ ഹിതത്തിന് പ്രതികൂലമാംവിധം പ്രവർത്തിക്കുന്നുണ്ടെന്ന് ഗവൺമെന്റിനു ബോധ്യമായാൽ അവർക്ക് ആ സ്വത്തുക്കളുടെ ഭരണകാര്യത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ കഴിവുണ്ടായിരിക്കേണ്ടതും ആവശ്യമാണെന്നു കരുതുന്നു. അങ്ങനെയുള്ള സംഗതികളിൽ എസ്റ്റേറ്റിന്റെ ഭരണകാര്യത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഹിന്ദു പിന്തുടർച്ചാവകാശ ആക്ടിലെ 7 (3)-ാം വകുപ്പ് ഹിന്ദുക്കളുടെ സ്ഥാനം-സ്വത്തുക്കളെ മാത്രമേ സംബന്ധിക്കുന്നുള്ളൂ. 1939-ലെ മാപ്പിള മരുമക്കത്തായം ആക്ട് അനുശാസിക്കുന്ന, മലബാറിലെ ചില മാപ്പിളമാർ കൈവശം വച്ചിരിക്കുന്ന സ്ഥാനം-സ്വത്തുക്കളുണ്ട്. മരുമക്കത്തായം മാപ്പിളമാർ ഈ സ്ഥാനങ്ങളും കൈവശം വയ്ക്കുന്നത് ഹിന്ദു സ്ഥാനികൾ സ്ഥാനം-സ്വത്ത് കൈവശം വയ്ക്കുന്നതിന് സദൃശമാണ്. മാപ്പിളമാർ കൈവശം വയ്ക്കുന്നതിന് ഈ സ്ഥാനങ്ങളെ ഹിന്ദു സ്ഥാനങ്ങളെപ്പോലെ ഒരേ നിലയിൽ കണക്കാക്കണമെന്ന് ഗവൺമെന്റിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മാപ്പിളമാരുടെയിടയിൽ ഈ ഏർപ്പാട് എന്നെന്നേക്കും നിലനിറുത്തുവാൻ യാതൊരു പ്രത്യേക കാരണവും കാണുന്നില്ല. അതിനാൽ മാപ്പിളമാർ കൈവശം വയ്ക്കുന്ന സ്ഥാനങ്ങളെ നിലവിലുള്ള സ്ഥാനി മരിക്കുമ്പോൾ ഇല്ലാതാക്കിത്തീർക്കുന്നതിനും, ബില്ലിലെ മററു വ്യവസ്ഥകൾ മാപ്പിളമാർ കൈവശം വയ്ക്കുന്ന സ്ഥാനങ്ങൾക്ക് പ്രായോഗികമാക്കിക്കൊണ്ടും ഈ ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഹിന്ദു പിന്തുടർച്ചാവകാശ ആക്ടിലെ 7 (3)-ാം വകുപ്പ് പുരുഷന്മാരായ അംശങ്ങൾ കൈവശം വയ്ക്കുന്ന സ്ഥാനങ്ങളെ മാത്രമേ പരാമർശിക്കുന്നുള്ളൂ. ഈ സംസ്ഥാനത്ത് സ്ത്രീകളായ അംശങ്ങൾക്ക് കൈവശം വയ്ക്കാവുന്ന ചില സ്ഥാനങ്ങളുണ്ട്. 7 (3)-ാം വകുപ്പിലെ വ്യവസ്ഥകൾ പുരുഷന്മാരും സ്ത്രീകളും കൈവശം വയ്ക്കുന്ന സ്ഥാനങ്ങൾക്ക് സംബന്ധിക്കുന്നതാണെന്ന് വ്യക്തമാക്കിത്തീർക്കുവാൻ ആ വകുപ്പിന് ഭേദഗതികൾ നിർദ്ദേശിച്ചിരിക്കുന്നു.

വി. ആർ. കൃഷ്ണയ്യർ.

Kerala Gazette No. 38 dated 17th September 1957.

PART III

NOTIFICATION

Applications are invited for the award of Post-Matric scholarships for study in Hindi. Applications should be submitted in the prescribed form to the Deputy Director (Planning) Office of the Director of Public Instruction, so as to reach him on or before 1-10-1957. Form of application and the Terms and conditions are herewith appended.

(Sd.)

Director of Public Instruction.

GOVERNMENT OF INDIA

Ministry of Education and Scientific Research
'S' Division (S-16 Section)

POST MATRIC SCHOLARSHIPS FOR STUDY IN HINDI FOR STUDENTS BELONGING TO NON-HINDI SPEAKING STATES.
1957-58.

APPLICATION FORM.

For candidates for :—

(1) The Intermediate Course/Pre-University Course.
(2) The B. A. Course (or for 3 Year Degree Course)
(3) The M. A. Course.

(Portion not applicable to be crossed out)

NOTE I—Each Item should be read carefully before the form is filled in. No change will be permitted after the application has been submitted. If any entry is found to be incorrect, the scholarships, if awarded, will be liable to be cancelled forthwith.

NOTE II—The terms and conditions governing the awards as per attached sheet should also be read carefully.

NOTE III—This application form duly filled in should be sent to the Secretary, Education Department of the State to which the candidate belongs and not direct to the Government of India.

1. Name in full, stating whether Shri/ Shrimathi/Kumari (in block letters).
2. (a) Exact date of birth (in Christian era).
   (b) Place, District and State of Birth.
3. Present Postal address (in full)
4. (a) Father's/Guardian's full name and present postal address (if deceased, the last address should be given).
   (b) Permanent home address.
   (c) Occupation.

12449 Eg.

5. (a) Religion.

(b) Sub-caste.

(c) i. Is the parents/guardian a member of Scheduled Castes ?

ii. Is the parents/guardian a member of Scheduled Tribes ?

iii. Is the parents/guardian a member of Other Backward Class ?

(Portion not applicable should be struck out)

6. Give particulars of all examinations passed and degrees obtained (commencing with the Matriculation or equivalent examination).

University	Examination passed	Year	Class or Division	*Subjects taken	Percentage of marks obtained in Hindi

N. B.—*A certified copy of the marks sheet, in respect of the Matriculation or equivalent/I. A. or Pre-University Class, Bachelor's examination, must be attached. If not readily available, it should follow as soon as possible, otherwise the application will not be considered.

7. Special academic distinctions attained (not stated in the above column).

8. (a) Name of Institution where admission has been obtained.

(b) Name of Institution in a Hindi speaking State where admission is desired.

(c) Would the candidate or his sponsoring authority arrange for the admission or would they like the Government of India to arrange for the admission ?

9. Details of Boarding and Lodging arrangements.

10. It should be stated if the candidete is in receipt of any other scholarship from a State Government or any other Institution or person. If so, particulars should be given.

11. Proposed course of study.

12. List of enclosures to the epplication.

(1)

(2)

(3)

(4)

13. Certified that the statements made by me in this application form are correct.

I declere that in cese I am selected for the scholarship applied for, I shall devote my full time to the course and thet I shall not undertake or carry on any other peid work or receive enother scholarship from any other source.

Place.

Date. *Signature of applicant.*

14. It is certified that Shri/Shrimathi/Kumari................ if awarded Government of India scholarship for higher studies in Hindi, will be employed for teaching Hindi in ..../in a post where knowledge and use of Hindi is considered essential.

Date. *Signature of sponsoring authority.*

Designation of Officer concerned.

APPENDIX I

GOVERNMENT OF INDIA

Ministry of Education and Scientific Research 'S' Division.

TERMS AND CONDITIONS—SCHOLARSHIPS FOR STUDENTS FROM NON-HINDI SPEAKING STATES FOR POST-MATRIC STUDENTS IN HINDI 1957-58.

I. *General.* With a view to propagating Hindi in the Non-Hindi speaking areas, it has been decided to award scholarships for post-Matriculation studies with Hindi as one elective subject to candidates from non-Hindi speaking areas.

II. *Number and allocation of Scholarships among the various non-Hindi speaking areas.* The total number of scholarships to be awarded this year will be 110 for candidates (men/Women) sponsored by the Government of the non-Hindi Speaking States, namely, Andhra, Assam, Bombay, Madras, Manipur, Mysore, Punjab, Orissa, Kerala and Tripura. If an adequate number of suitable candidates is not available from these States, candidates from those regions of the States of Madhya Pradesh and West Bengal, where facilities for higher studies in Hindi do not exist, will also be considered for the award of these scholarships.

Candidates whose mother-tongue is Hindi, although they may be residing in the above-mentioned areas, will not be eligible for these scholarships.

III. *Course of studies for which scholarship will be awarded and places of study.* Scholarships will be awarded for intermediate, graduate (or Pre-University course and 3 year Degree course) and Post-Graduate courses of studies. Scholarships awarded in a year will be renewed on a year to year basis till the completion of Post-Graduate work. For eligibility for the renewal of a scholarship, the candidate should show good progress in studies and in the case of a University examination, should attain the standard laid down in para IV below. Candidates will be allowed to study in or outside their State. However, as far as possible, the selected candidates should study in a Hindi-speaking State.

IV. *Qualifications.* The minimum qualifications for eligibility for scholarships for the various courses of study will be as under:—

Course of study.	*Minimum qualification.*
1. For Intermediate or Pre-University Course	II Class Matriculation with 55% marks in Hindi.
2. For B. A./B. A. (Hons.) or 3 Year Degree Course	II Class in Intermediate or Higher Secondary Examination with 55% marks in Hindi.
3. For M. A. (Hindi)	II Class B. A./B. A. (Hons.) with 55% marks in Hindi.

If an adequate number of candidates is not available from a State, at least one scholarship will be given to that State, subject to the candidate securing a minimum of 45% marks in Hindi in the last Board/University's final examination.

V. *Rates of scholarships.* The rates of scholarships inclusive of fees will be as under :—

Course of study.	*Rates for studies in non-Hindi speaking State.*	*Rate for studies in Hindi Speaking State.*
1. Intermediate, Pre-University Course and 1st year of the 3 Year Degree Course.	Rs. 50 p. m.	Rs. 80 p. m.
2. B. A./B. A. (Hons.)/2nd and 3rd years of the 3 Year Degree Course.	Rs. 75 p. m.	Rs. 105 p. m.
3. M. A. (Hindi)	Rs. 100 p. m.	Rs. 125 p. m.

Note :—

1. The above rates will be inclusive of all expenses for maintenance, books and fees payable by the scholar to the Institution.
2. Candidates studying outsides their States will also be given travelling allowances.

VI. *Procedure for Application.* The State Governments will invite applications and send suitable names in order of their priority to the Ministry of Education by the prescribed date.

VII. *Mode of Selection.* The Government of India will make awards on the recommendation of the selection committee to be set up for this purpose by the Government. The decision of the Government of India will be final. The award will be communicated to the State Governments and to the successful candidates.

The State Government concerned shall arrange for the admission of their selected nominee to a suitable institution within the State or in a Hindi-speaking State. Should the State Government desire the Government of India to arrange for a candidate's admission to an institution in a Hindi-speaking State, this fact should be specifically indicated as well as the name of the institution at the time the nominations are submitted by the State Government to the Government of India in which case the Government of India will try to make necessary arrangements for the desired admission.

VIII. *Conditions for the Grant of Stipends and Allowances.* After a scholar has started working in an institution permission to migrate to another institution, except with the

prior approval of the Government of India and the Heads of the two Institutions concerned, will not be given. In the event of such a transfer the scholar shall have to meet the expenses incurred on the journey from one Institution to the other.

2. Permission to change the subject of study initially selected will not be given. In exceptional circumstances however, this may be permitted only with the prior approval of the Government of India.

3. The scholarship for the Post-Graduate course will normally be tenable for a period of two years, for B. A. (Hons.) for three years and for B. A. and Intermediate for two years each. If the course of study is finished earlier, the period of the scholarship will be reduced correspondingly.

4. The scholarship will be payable from the month from which fees are charged by the institution at the time of the first admission up to the month of the final examination. Necessary funds for this purpose shall be deposited in quarterly instalments in advance with the Heads of the Universities or Institutions concerned who shall disburse the amounts to the scholars in the first week of every month.

Provided that:—(i) if a scholar joins an Institution after the 15th of the month, the full scholarship will be paid in the event of his/her residing in a hostel or other boarding establishment where full charges (tuition and maintenance) are levied in advance. If the scholar joins the Institution after the 15th of the month and only proportionate charges are levied for tuition and maintenance (in the hostel) by the authorities concerned, such actual (proportionate) charges will be paid subject to bills being submitted by the Head of the Institution. An amount equivalent to the tuition fees only, if charged, will be paid for the particular month in which the scholar joins the institution in case he/she joins it after the 15th of the month and does not reside in the Hostel/Boarding House.

(ii) in the case of renewals of scholarships for the succeeding year the scholarship will be paid from the month following the month up to which the scholarship was paid during the previous academic year if the course of study pursued is continuous, e.g. I. A. (Jr.) to I. A (Sr.), or B. A. (Jr.) to B. A (Sr.), otherwise the scholarships will be paid from the month of admission.

5. If a candidate shows unsatisfactory progress or fails in any of the examinations, his scholarship will be cancelled. If the scholarship-holder gives up the chosen course of study without completion he/she will be liable to refund the sum spent on the training. The State Government shall have an agreement executed to this effect.

6. On successful completion of studies, the scholarship holder will serve the State Government either to teach Hindi in an educational institutton or in a position where the Knowledge of Hindi and its use is considered essential The selectd candidate will have to execute a Bond with the State Government to serve them for a period of three years and a copy of this Bond shall be sent to the Government of India.

7. Selected students will be paid single Second Class railway fare from the place of residence to the place of study on joining the institution and back from the institution to the place of residence for summer vacations. Selected candidates should avail of the concession tickets wherever granted by Railways for sudents going home during summer vacations.

8. Half-yearly progress reports on the work done by scholars will be submitted to the Government of India by the Heads of the Institutions concerned.

IX. *Age limit.* Candidates for these scholarships should not be more than 20, 22 and 25 years of age on the 1st July of the year in which applications are invited for the Intermediate, Graduate and Post-Graduate courses of studies respectively. These age limits may be relaxed in cases where candidates are already employed in an educational institution.